പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2794

20/07/2011 -ൽ മറുപടിയ്ക്ക്

## പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | പഞ്ചായത്തുകൾ വിഭജിക്കുവാനും പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുവാനും ഉദ്ദേശമുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും | കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 4-ാം വകുപ്പു പ്രകാരം ഏതെങ്കിലും ഗ്രാമ പഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്നതിനും, പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും ഉള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. എന്നാൽ ഒരു ഗ്രാമ പഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ, കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 4(2) -നു കീഴിലെ ക്ലിപ്ത നിബന്ധനയിൽ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള 2010 -ലെ പൊതു തിരഞ്ഞെടുപ്പിനുശേഷം ബന്ധപ്പെട്ട ഭരണസമിതികൾ 2010 നവംബർ 1-ാം തീയതിയിലോ അതിനുശേഷമുള്ള തീയതികളിലോ അധികാരമേറ്റു കഴിഞ്ഞ സാഹചര്യത്തിൽ. ഏതെങ്കിലും |
| ബി) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്ത് വിഭജിച്ച് കരിപ്പൂർ പഞ്ചായത്ത് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | |
| സി) | വിമാനത്താവളം സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളെ ഉൾപ്പെടുത്തി പുതിയ പഞ്ചായത്ത് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | | |
| ഡി) | മുന്നിയൂർ, വള്ളിക്കുന്ന് പഞ്ചായത്തുകൾ വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |

പഞ്ചായത്തിന്റെ ഭൂപ്രദേശത്തിൽ മാറ്റം വരുത്തണമെങ്കിൽ അത് നിലവിലുള്ള ഭരണസമിതിയുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, അതായത് 2015-നവംബർ 1-ാം തീയതി മുതൽ മാത്രമേ പ്രാബല്യത്തിൽ വരുത്താൻ കഴിയൂ. നിലവിലുള്ള പഞ്ചായത്തുകളെ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള അടുത്ത പൊതുതിരഞ്ഞെടുപ്പിനു മുൻപായി പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പൊതുവായി പരിഗണിക്കുകയാണെങ്കിൽ, ഭൂവിസ്തൃതിയും ജനസംഖ്യയും കൂടുതലുള്ള പഞ്ചായത്തുകൾ വിഭജിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ആഫീസർ